06
2024
സെപ്റ്റംബർ
വെള്ളി
ചിങ്ങം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.260 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-260 പേജ് 4. വില 2.00 രൂപ




02 വിലക്കറ്റയം തടയുന്നതിന് കേരളം മുന്നോട്ടുവച്ച ബദൽ മാതൃക ജനങ്ങൾക്ക് ഗുണകരം: മുഖ്യമന്ത്രി
03 കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റും
04 കുതിരശക്തിയുമായി മലയാളി വനിത

# തലസ്ഥാനം യുദ്ധക്കളം

## അബിൻ വർക്കിയെ വളഞ്ഞിട്ട് തല്ലി പോലീസ്, പ്രതിഷേധക്കാർക്കൊപ്പം ചേർന്ന് സുധാകരൻ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് സെക്രട്ടേറിയറ്റിലേക്ക് നടത്തിയ മാ!ർച്ച് സംഘർഷത്തെ തുടർന്ന് അവസാനിപ്പിച്ചു. യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡൻറ് അബിൻ വർക്കിയെ പോലീസ് വളഞ്ഞിട്ട് തല്ലിയതോടെ കോൺഗ്രസ് അധ്യക്ഷൻ കെ. സുധാകരനും എം. ലിജുവുമുൾപ്പെടെയുള്ള നേതാക്കൾ സ്ഥലത്തെത്തിയിരുന്നു.

പിന്നീട്, അബിൻ വർക്കിയെ തല്ലിയ കൻറോൺമെൻറ് എസ്ഐ ആയ ഷിജുവിനെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധം തുടരാൻ തീരുമാനിക്കുകയായിരുന്നു.



പരിക്കേറ്റ അബിനെ ആശുപത്രിയിലേക്ക് മാറ്റി. പ്രദേശത്ത് സംഘർഷത്തിന് അയവു വന്നതോടെ പ്രതിഷേധ സമരം അവസാനിപ്പിച്ച് പ്രവർത്തകർ പിരിഞ്ഞു പോയി.

എഡിജിപി എം.ആർ. അജിത്കുമാറിനെതിരേയും പി. ശശിക്കെതിരേയും പി.വി. അൻവർ എംഎൽഎ ഉയർത്തിയ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടാണ് യൂത്ത് കോൺഗ്രസ് വിവിധ ജില്ലകളിൽ പ്രതിഷേധ മാർച്ച് നടത്തിയത്. യൂത്ത് കോൺഗ്രസ് സംസ്ഥാനധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ, അബിൻ വർക്കി എന്നിവരുടെ നേതൃത്വത്തിലായിരുന്നു സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തിയത്. ബാരിക്കേഡുകൾ മറിച്ചിടാൻ ശ്രമിച്ച പ്രവർത്തകർക്കു നേരെ പോലീസ് ലാത്തി വീശി. ജലപീരങ്കി പ്രയോഗിച്ചു. എന്നാൽ പ്രവർത്തകർ പിരിഞ്ഞുപോകാൻ തയാറായില്ല. വിഷയത്തിൽ തൃശൂരിലും കോട്ടയത്തും പത്തനംതിട്ടയിലും യൂത്ത്കോൺഗ്രസ് നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി.



### സുജിത് ദാസിനെ സസ്പെൻഡു ചെയ്തു

തിരുവനന്തപുരം: പത്തനംതിട്ട മുൻ എസ്പി സുജിത് ദാസിനെ സർവീസിൽ നിന്ന് സസ്പെൻഡു ചെയ്തു. സുജിത് ദാസ് ഗുരുതര ചട്ടലംഘനം നടത്തിയെന്ന് ഡിജിപി റിപ്പോർട്ട് നൽകിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ സുജിത് ദാസിനെ സസ്പെൻഡു ചെയ്യാൻ മുഖ്യമന്ത്രി നിർദേശിക്കുകയായിരുന്നു. പി.വി.അൻവർ എംഎൽഎയുമായുള്ള വിവാദ ഫോൺകോളിനും സ്വർണക്കടത്തുമായി ബന്ധപ്പെട്ട് എംഎൽഎ ഉന്നയിച്ച ഗുരുതര ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് നടപടി.

സുജിത് ദാസിനെതിരെ ഉയർന്ന ആരോപണങ്ങളെ കുറിച്ച് പ്രാഥമികമായി അന്വേഷിക്കാൻ ഡിഐജി അജിത ബീഗത്തെ ചുമതലപ്പെടുത്തിയിരുന്നു. അവർ നൽകിയ റിപ്പോർട്ടിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തി. നടപടിയുടെ ഭാഗമായി സുജിത് ദാസിനെ കഴിഞ്ഞ ദിവസം പത്തനംതിട്ട എസ്പി സ്ഥാനത്തു നിന്ന് മാറ്റിയിരുന്നു.

## പീഡന പരാതി; മുകേഷിനും ഇടവേള ബാബുവിനും മുൻകൂർ ജാമ്യം

കൊച്ചി: സിനമയിൽ അവസരം വാഗ്ദാനം ചെയ്ത് പീഡിപ്പിച്ചെന്ന നടിയുടെ പരാതിയൽ നടൻമാരായ മുകേഷിനും ഇടവേള ബാബുവിനും മുൻകൂർ ജാമ്യം. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയുടേതാണ് വിധി.

ലൈംഗികമായി പീഡിപ്പിച്ചെന്ന ആലുവ സ്വദേശിയായ യുവതിയുടെ പരാതിയിലാണ് പോലീസ് കേസെടുത്തത്. മുകേഷ് അടക്കമുള്ളവരെ അന്വേഷണ സംഘം ചോദ്യം ചെയ്യാനിരിക്കെയാണ് മുൻകൂർ ജാമ്യാപേക്ഷയുമായി പ്രതികൾ കോടതിയെ സമീപിച്ചത്.

കഴിഞ്ഞ രണ്ടു ദിവസം അടച്ചിട്ട കോടതിയിൽ നടന്ന വിശദമായ വാദത്തിന് ഒടുവിലാണ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജ് ഹണി എം.വർഗീസ് ഇരുവർക്കും മുൻകൂർ ജാമ്യം നൽകിയത്.

കേരളം വിടരുത്, അന്വേഷണവുമായി സഹകരിക്കണം എന്നീ ഉപാധികളോടെയാണ് മുകേഷിന് ജാമ്യം അനുവദിച്ചിരിക്കുന്നത്. സത്യം തെളിയിക്കാനുള്ള യാത്രയിൽ ആദ്യപടി കടന്നെന്ന് മുകേഷിന്റെ അഭിഭാഷകൻ പറഞ്ഞു.

## ഓരോ അടിക്കും കണക്കുപറയിക്കും: രമേശ് ചെന്നിത്തല

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തിയ യൂത്ത് കോൺഗ്രസുകാരെ മർദിച്ച പോലീസ് കണക്കുപറയേണ്ടിവരുമെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല. ആയുസ് അറ്റു പോകാറായ ഒരു സർക്കാരിലെ യജമാനന്മാരെ തൃപ്തിപ്പെടുത്താനാണ് പോലീസ് ഇങ്ങനെ പെരുമാറുന്നത്.

നരനായാട്ടിന് മുന്നിൽ നിന്ന ഓരോ പോലീസുകാരുടെയും കണക്ക് ഞങ്ങളുടെ കൈവശമുണ്ട്. അവരെ എന്ത് ചെയ്യണം എന്ന് ഞങ്ങൾ തീരുമാനിക്കും. യൂത്ത് കോൺഗ്രസ് നേതാവ് അബിൻ വർക്കിയെ തല്ലിച്ചതയ്ക്കുന്ന ചാനൽ ദൃശ്യങ്ങൾ കണ്ടു ഞെട്ടിപ്പോയി. അടിയേറ്റ് വീണവരെ പിന്നെയും നിർദാക്ഷിണ്യം തല്ലിച്ചയ്തക്കുന്ന പോലീസുകാർ സ്വബോധത്തോടെ ആണോ അതോ ഏതെങ്കിലും മയക്കുമരുന്നിന് അടിമകളാണോ എന്നതുകൂടി അന്വേഷിക്കണം. നരനായാട്ടിന് നേതൃത്വം നൽകുകയും ഇത്ര ഭീകരമായ മർദനം അഴിച്ചുവിടുകയും ചെയ്ത മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും സസ്പെൻഡ് ചെയ്യണമെന്ന് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

## ഓണച്ചന്തകൾ ഇന്നു മുതൽ; അരിക്ക് ഉൾപ്പെടെ വിലകൂട്ടി സപ്ലൈകോ

തിരുവനന്തപുരം: ഓണച്ചന്തകൾ ഇന്ന് ആരംഭിക്കാനിരിക്കെ ഇരുട്ടടിയുമായി സപ്ലൈകോ. അരി ഉൾപ്പെടെ മൂന്ന് സബ്സിഡി സാധനങ്ങൾക്ക് വില കൂട്ടി.

കുറുവ അരിയുടെ വില കിലോയ്ക്ക് 30 രൂപയിൽനിന്നു 33 രൂപയാക്കി. മട്ട അരിക്കും മൂന്നു രൂപ കൂട്ടിയിരുന്നു. തുവരപ്പരിപ്പിന്റെ വില 111 രൂപയിൽ നിന്ന് 115 രൂപയായി. പഞ്ചസാരയ്ക്ക് ആറു രൂപ കൂട്ടി 33 രൂപയായി ഉയർന്നു. അതേസമയം ചെറുപയറിനും വെളിച്ചെണ്ണക്കും വില കുറച്ചിട്ടുണ്ട്.

സപ്ലൈകോ വില കൂട്ടിയത് പർച്ചേസ് വില കൂടിയത് കൊണ്ടെന്നാണ് ഭക്ഷ്യവകുപ്പിന്റെ വിശദീകരണം. വില കൂടിയ സാധനങ്ങൾക്ക് ഇപ്പോഴും പൊതുവിപണിയേക്കാൾ 30 ശതമാനത്തോളം വില കുറവ് ഉണ്ടെന്നും ഭക്ഷ്യവകുപ്പ് പറയുന്നു. ഏഴു വർഷത്തിന് ശേഷമുള്ള നാമമാത്ര വർധനയെന്നാണ് മന്ത്രി ജി.ആർ. അനിൽ ന്യായീകരിച്ചത്.

ഇന്നു മുതൽ 14 വരെയാണ് സപ്ലൈകോയുടെ ഓണച്ചന്തകൾ. ജില്ലാതല ചന്തകൾ വെള്ളിയാഴ്ച മുതൽ 14 വരെ നടക്കും. ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്നു വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം കിഴക്കേകോട്ട ഇ.കെ. നായനാർ പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭക്ഷ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി ആദ്യവില്പന നടത്തും.

13 ഇനം സബ്സിഡി സാധനങ്ങൾക്കു പുറമേ ശബരി ഉൽപന്നങ്ങളും എഫ്എംസിജി, മിൽമ, കൈത്തറി എന്നിവയുടെ ഉൽപന്നങ്ങളും പഴം, ജൈവ പച്ചക്കറികൾ എന്നിവയും മേളയിൽ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ലഭിക്കും. പ്രമുഖ ബ്രാൻഡുകളുടെ ഇരുനൂറിലധികം നിത്യോപയോഗ സാധനങ്ങൾക്കു വിലക്കുറവുണ്ടാകും.

### പുതിയ വിജ്ഞാപനം വരുന്നതു വരെ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായി തുടരും

തിരുവനന്തപുരം: കേരളത്തിലെ പുതിയ ഗവർണറുമായി ബന്ധപ്പെട്ട വിജ്ഞാപനം വരുന്നതു വരെ ആരിഫ് മുഹമ്മദ്ഖാൻ ഗവർണർ സ്ഥാനത്തു തുടരും. ആരിഫ് മുഹമ്മദ്ഖാന്റെ അഞ്ചു വർഷ കാലാവധി ഇന്ന് പൂർത്തിയാകുന്ന സാഹചര്യത്തിലാണു തീരുമാനം.

ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ സാധാരണയായി ഗവർണർമാർക്ക് ഒരു ടേമിൽ കൂടുതൽ നൽകാറില്ല. എന്നാൽ, പിണറായി സർക്കാരുമായി നിരന്തരം ഏറ്റുമുട്ടുന്ന ആരിഫ് മുഹമ്മദ്ഖാന് പുനർനിയമനം നൽകുമെന്ന സൂചന സജീവമാണ്.

സർക്കാർ നിയമസഭയിൽ പാസാക്കിയ ചില ബില്ലുകളിൽ ഗവർണർ ഒപ്പുവയ്ക്കാത്തതുമായി ബന്ധപ്പെട്ട കേസുകൾ സുപ്രീംകോടതിയിൽ ഉള്ള സാഹചര്യത്തിൽ ഇവ മുന്നോട്ടു കൊണ്ടുപോകാൻ ആരിഫ് മുഹമ്മദ്ഖാൻ തുടരേണ്ടത് ആവശ്യമാണെന്ന അഭിപ്രായമാണുള്ളത്.

## ധനുഷ്കോടിയിൽ കണ്ടെത്തിയ മൃതദേഹം ക്ലീറ്റസിൻറേതുതന്നെ

വിഴിഞ്ഞം: കടലിൽ കാണാതായവർക്കുള്ള ബന്ധുക്കളുടെയും സ്വന്തക്കാരുടെയും ദിവസങ്ങൾ നീണ്ട കാത്തിരിപ്പിനു വിരാമം. തമിഴ്നാട് രാമേശ്വരത്തു കണ്ടെത്തിയ മൃതദേഹം വിഴിഞ്ഞം ഉൾക്കടലിൽനിന്ന് കാണാതായ പൂന്തുറ സ്വദേശി ക്ലീറ്റസിൻറേതെ ന്നു തിരിച്ചറിഞ്ഞു.

രണ്ടാമനായ വിഴിഞ്ഞം സ്വദേശ ഫ്രെഡിയുടേതെന്നു സംശയിക്കുന്ന മൃതദേഹവും ഇന്നലെ രാമേശ്വരത്തുതന്നെ കണ്ടെത്തിയതായ വിവരവും അധികൃതർക്ക് ലഭിച്ചു. ഉൾക്കടലിൽനിന്നു ചൊവ്വാഴ്ചയാണു ക്ലീറ്റസിന്റെ മൃത ദേഹം രാമേശ്വരം മറൈൻ പോലീസ് കണ്ടെത്തിയത്. അവർ അറിയിച്ചതിനെ തുടർന്ന് എത്തിയ ബന്ധുക്കൾ ക്ലീറ്റസിനെ തിരിച്ചറിഞ്ഞു.

പോസ്റ്റുമോർട്ടം ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി അധികൃതർ വിട്ടുനൽകിയ മൃതദേഹവുമായി വീട്ടുകാർ ഇന്നലെ കേരളത്തിലേക്കു തിരിച്ചു. ഫ്രെഡിയെ തിരിച്ചറിഞ്ഞ് ഏറ്റുവാങ്ങാനുള്ള തീരുമാനവുമായി ബന്ധുക്കൾ കഴിഞ്ഞദിവസം രാത്രിയിൽ രാമേശ്വരത്തേക്കു പുറപ്പെട്ടിരുന്നു.

കഴിഞ്ഞ മാസം 20നു രാത്രിയിലുണ്ടായ കാറ്റിലും കടൽക്ഷോഭത്തിലും വള്ളം മറിഞ്ഞു കാണാതായ ഇരുവർക്കുമായുള്ള മത്സ്യത്തൊഴിലാളികളുടെയും വിഴിഞ്ഞം തീരദേശപോലീസിന്റെയും മറൈൻ എൻഫോഴ്സ്മെൻറിന്റെയും തീരസംരക്ഷണസേനയുടെയും വ്യാപക തിരച്ചിലും പരാജയമായിരുന്നു.

ഇതോടെ കാണാതായവർ തിരിച്ച് വരില്ലെന്നു കരുതി ഇരുവർക്കുമായുള്ള എട്ടാം നാളത്തെ മരണാനന്തര പ്രാർത്ഥനാ കർമ വും പള്ളികളിൽ നടത്തി. എന്നാൽ അധികൃതർ കേരളത്തിന്റെ തീരത്തും ഉൾക്കടലിലും തെരച്ചിൽ നടത്തുന്നതിനിടയിൽ മൃതദേഹങ്ങൾ ഒഴുകി തമിഴ്നാട്ടിൽ എത്തി. രണ്ടാഴ്ചയിലധികം കടലിലൂടെ ഒഴുകിനടന്ന ക്ലീറ്റസിന്റെ മൃതദേഹം കഴിഞ്ഞ ദിവസമാണ് ബന്ധപ്പെട്ടവർ കണ്ടെത്തിയത്. ക്ലീറ്റസിന്റെ മൂന്നുമക്കളിൽ ഏക മകന്റെ മരണവും വിഴിഞ്ഞം കടലിൽ തന്നെയായിരുന്നു.

മീൻപിടിത്തത്തിനിടയിൽ മൂന്നുവർഷം മുൻപ് അപ്രതീക്ഷിതമായുണ്ടായ ഇടിമിന്നൽ യുവാവിന്റെ ജീവൻ അപഹരിച്ച് വീട്ടുകാർക്ക് തീരാദുഃഖവും സമ്മാനിച്ചിരുന്നു.

## പട്ടം എസ് യു ടി ദന്ത വിഭാഗം മേധാവി ഡോ. മാത്യു ജോസിന് 'ക്ലിനിക്കൽ ലീഡർ ഓഫ് ദി ഇയർ ഇൻ ഡന്റിസ്റ്ററി അവാർഡ്"

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിലെ ദന്ത വിഭാഗം മേധാവി ഡോ. മാത്യു ജോസിന് അന്തർദേശീയ തലത്തിൽ ഡെന്റൽ എക്സലൻസ് അവാർഡ് 2024ൽ 'ക്ലിനിക്കൽ ലീഡർ ഓഫ് ദി ഇയർ ഇൻ ഡന്റിസ്റ്ററി അവാർഡ്' ലഭിച്ചു. സെപ്റ്റംബർ 3ന് മുംബൈയിലെ നോവോടെൽ ഹോട്ടലിൽ വച്ച് നടന്ന അവാർഡ് ദാന ചടങ്ങിൽ ദന്താരോഗ്യരംഗത്ത് ഡോ. മാത്യുവിന്റെ അസാധാരണമായ സംഭാവനകളും ദന്ത സംരക്ഷണത്തിന്റെ പുരോഗതിയിൽ അദ്ദേഹത്തിന്റെ നൂതനമായ കാഴ്ചപ്പാടുമൊക്കെയാണ് അദ്ദേഹത്തെ ഈ അവർഡിന് അർഹനാക്കിയത്. ദന്താരോഗ്യരംഗത്തെ മികവ് പുലർത്തുന്ന മറ്റു ഡോക്ടമാരെയും ചടങ്ങിൽ അവാർഡ് നൽകി ആദരിച്ചു. വ്യവസായ രംഗത്തുൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു.






# ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസ് ടെക്നോപാർക്കിൽ ഓഫീസ് തുറന്നു

തിരുവനന്തപുരം: യുഎസ് ആസ്ഥാനമായ പ്രോഡക്റ്റ് എൻജിനീയറിംഗ് കമ്പനിയായ ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി പള്ളിപ്പുറം ടെക്നോസിറ്റിയിൽ (ടെക്നോപാർക്ക് ഫേസ്4) ഓഫീസ് തുറന്നു.

ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഓഫീസ് ഉദ്ഘാടനം ചെയ്തു. ഗ്രിറ്റ്സ്റ്റോൺ ഫൗണ്ടറും സിഇഒയുമായ ശിവകുമാർ തെക്കേനടുവത്ത്, സിഒഒ പ്രേംജിത്ത് അലമ്പിള്ളി ടെക്നോപാർക്ക് മാർക്കറ്റിങ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ് ഡിജിഎം വസന്ത് വരദ തുടങ്ങിയവർ പങ്കെടുത്തു. ടെക്നോസിറ്റിയിലെ കബനി കെട്ടിടത്തിലാണ് ഗ്രിറ്റ്സ്റ്റോണിൻറെ ഓഫീസ്.



*ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസിൻറെ ടെക്നോസിറ്റിയിലെ (ടെക്നോപാർക്ക് ഫേസ്4) ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഓഫീസ് ഉദ്ഘാടനം ചെയ്യുന്നു. ഗ്രിറ്റ്സ്റ്റോൺ ഫൗണ്ടറും സിഇഒയുമായ ശിവകുമാർ തെക്കേനടുവത്ത് സമീപം.*

ടെക്നോപാർക്കിൽ ഓഫീസ് തുറന്നതിലൂടെ ഗ്രിറ്റ്സ്റ്റോണിൻറെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ സാധിക്കുമെന്ന് കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു. വളർന്നുവരുന്ന എമർജിങ് ടെക്നോളജി ഹബ്ബ് എന്ന നിലയിൽ ടെക്നോപാർക്ക് ഫേസ്4 ന് വലിയ പ്രാധാന്യമുണ്ട്. ടെക്നോപാർക്ക് ഫേസ്4 വളർച്ചയുടെ അടുത്ത ഡെസ്റ്റിനേഷനും കൂടിയാണ്. അവിടെ ഓഫീസ് ആരംഭിക്കുന്നതിലൂടെ ഗ്രിറ്റ്സ്റ്റോണിന് ഈ വളർച്ചയുടെ ഭാഗമാകാൻ സാധിക്കും. ടെക്നോപാർക്കിലെ ഓരോ കമ്പനികളും ടെക്നോപാർക്കിൻറെ അംബാസിഡർമാരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആശയങ്ങളെ വിപണിക്ക് ആവശ്യമായ ഉൽപ്പന്നങ്ങളാക്കി മാറ്റുകയും മൂല്യങ്ങളും ബിസിനസ് ലക്ഷ്യങ്ങളും നേടുന്നതിന് സഹായിക്കുകയുമാണ് ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസ് ചെയ്യുന്നതെന്ന് സിഇഒ ശിവകുമാർ തെക്കേ നടുവത്ത് പറഞ്ഞു. ഉൽപ്പന്ന സേവനത്തിൽ ഉപഭോക്തൃ കേന്ദ്രീകൃത സമീപനത്തിനാണ് ഗ്രിറ്റ്സ്റ്റോൺ പ്രാധാന്യം നൽകുന്നത്. ഈ രീതിയിൽ നിരവധി വിജയകരമായ ഉൽപ്പന്നങ്ങൾ കമ്പനി വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ടെക്നോപാർക്ക് ഉദ്യോഗസ്ഥർ, ഗ്രിറ്റ്സ്റ്റോൺ ജീവനക്കാർ, കുടുംബാംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

2016 ലാണ് ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസ് ആരംഭിച്ചത്. യുഎസിലും കോഴിക്കോട് സൈബർ പാർക്കിലും ഓഫീസുകളുള്ള ഗ്രിറ്റ്സ്റ്റോൺ നൂതന എൻജിനീയറിംഗ് സേവനത്തോടൊപ്പം ഗുണനിലവാരമുള്ള സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. എഡ്ടെക്, ഹെൽത്ത്ടെക്, ഫിൻടെക് മേഖലകളിൽ നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള എൻജിനീയറിംഗ് കഴിവുകൾ ഗ്രിറ്റ്സ്റ്റോൺ പ്രയോജനപ്പെടുത്തുന്നു.

## മെക്കാനിക്കൽ എൻജിനിയറിങ് അപ്രന്റീസ്

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ മെക്കാനിക്കൽ എൻജിനിയറിങ് അപ്രന്റീസുകളെ നിയമിക്കുന്നതിന് 11ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: ാാാ.ൃരര്.ീ.ശി

## എൽബിഎസ് സെന്ററിൽ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ സെപ്റ്റംബർ രണ്ടാം വാരം ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൈഥണിന് എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാം. 13 വരെ www.lbscetnre.kerala.gov.in മുഖേന അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക്: 04712560333, 9995005055

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) പ്രൊവിഷണൽ റാങ്ക് ലിസ്റ്റ്

തിരുവന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. റാങ്ക്ലിസ്റ്റിലുള്ള പരാതികൾ 6ന് വൈകിട്ട് 5നകം lbstvpm@gmail.com ൽ സമർപ്പിക്കണം. പരാതി പരിഹരിച്ചുള്ള അന്തിമ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ വീണ്ടും പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

## റെയ്ഡ്കോ ഓണം കിറ്റിന്റെ വിതരണ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

റെയ്ഡ്കോ ഓണം കിറ്റിന്റെ സംസ്ഥാനതല വിതരണ ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ചേംബറിൽ മുഖ്യമന്ത്രി പിണറായി വിജയൻ സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ.വീണ മാധവന് നൽകി നിർവ്വഹിച്ചു.

ചടങ്ങിൽ റെയ്ഡ്കോ ചെയർമാൻ എം സുരേന്ദ്രൻ, ഡയറക്ടർ ആർ.അനിൽ കുമാർ, സിഇഒ വി.രതീശൻ, മാർക്കറ്റിങ് മാനേജർ മിന്നുഷ്.ആർ.രമേഷ്, ബിസിനസ്സ് ഡെവലപ്മെന്റ് ഓഫീസർ ശ്രീജിത്ത് സി.എച്ച്, ബിജുലാൽ കെ.വി എന്നിവർ പങ്കെടുത്തു.

## വാഹനം വാടകയ്ക്ക്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ഹെഡ് ഓഫീസിലേക്ക് ഡ്രൈവർ ഉൾപ്പെടെ ഒരു കാർ വാടകയ്ക്ക് നൽകാൻ താത്പര്യമുള്ളവരിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.hpwc.kerala.gov.in, 0471-2347768, 9497281896.

# ആഗോള ടിബി നിവാരണ മാർഗങ്ങൾ കേരളത്തിലേക്ക്: സെമിനാറും ഡോക്യുമെന്റ് പ്രകാശനവും

### ക്ഷയരോഗ ചികിത്സയുടെ നാൾവഴികൾ' മുഖ്യമന്ത്രി പ്രകാശനം ചെയ്യും

ക്ഷയരോഗത്തിനെതിരായ കേരളത്തിന്റെ പോരാട്ടവും മുന്നേറ്റവും അടയാളപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് സെമിനാറും പാനൽ ചർച്ചയും ഡോക്യുമെന്റ് പ്രകാശനവും സംഘടിപ്പിക്കും. സെപ്റ്റംബർ 5 ന് വൈകിട്ട് 3.30ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ കേരളത്തിലെ ക്ഷയരോഗ ചികിത്സയുടെ നാൾവഴികൾ ഉൾക്കൊള്ളുന്ന ഡോക്യുമെന്റ് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യും. സംസ്ഥാനത്ത് ക്ഷയരോഗ നിവാരണത്തിനുള്ള ആക്ഷൻ പ്ലാനിന്റെ രണ്ടാം ഭാഗം പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിയ്ക്കും.

ക്ഷയരോഗ മുക്തകേരളം എന്ന ലക്ഷ്യത്തിനായി കേരളം ശക്തമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് അടുത്തിടെ ദേശീയ പുരസ്കാരം ലഭിച്ചിരുന്നു. സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കി 2025ഓടെ കേരളത്തെ ക്ഷയ രോഗമുക്തമാക്കുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ലോകാരോഗ്യ സംഘടനാ ഇന്ത്യാ പ്രതിനിധി ഡോ. റോഡ്റികോ എച്ച് ഓഫ്രിൻ, ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന എന്നിവർ പങ്കെടുക്കും. അനുബന്ധമായി നടക്കുന്ന ആഗോള ടിബി നിവാരണ മാർഗങ്ങൾ കേരളത്തിലേക്ക് എന്ന സെമിനാറിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. വിശ്വനാഥൻ, ഡോ. രഞ്ജിനി രാമചന്ദ്രൻ, ഡോ. സഞ്ജീവ് നായർ, ഡോ. രാകേഷ്. പി.എസ്. എന്നിവർ പങ്കെടുക്കും.

# വഖഫ് ബില്ല്; ആശങ്കകൾ പരിഹരിക്കാൻ ഇടപെടുമെന്ന് കൊടിക്കുന്നിൽ

ചാരുംമൂട്: വഖഫ് സ്വത്തുക്കൾ കവർന്നെടുക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് ഭരണഘടനാ വിരുദ്ധമായ വഖഫ് ബില്ല് നടപ്പാക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി. മുസ്ലീം സമൂഹത്തിന്റെ ആശങ്കകൾ ജോയിൻറ് പാർലമെൻററി സമിതിക്കുമുന്നിൽ വയ്ക്കുമെന്നും വിഷയത്തിൽ സജീവമായി പ്രതിപക്ഷ ഇടപെടൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് പള്ളിശ്ശേരിക്കൽ ജമാഅത്ത് ഓഡിറ്റോറിയത്തി എംപി വിളിച്ചു ചേർത്ത മുസ്ലീം സംഘടനകളുടെ സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഘടനാ നേതാക്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് രാഹുൽ ഗാന്ധിക്കും ജെപിസിയിലെ ഇന്ത്യമുന്നണി അംഗങ്ങളായ എംപിമാർക്കും നൽകുന്നതിനു വേണ്ടിയാണ് മുസ്ലീം സംഘടനാ നേതാക്കളുടെ യോഗം വിളിച്ചത്.

യോഗത്തിൽ കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി, തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, പാങ്ങോട് എ. ഖമറുദ്ദീൻ മൗലവി, അബ്ദുൾ ഷുക്കൂർ മൗലവി, സി.എ. മൂസ മൗലവി, ഇലവുപാലം ഷംസുദ്ദീൻ മന്നാനി, ഹംസ സഖാഫി, അഡ്വ കെ. പി. മുഹമ്മദ്, ചുനക്കര ഹനീഫ, അബ്ദുൾ റഹ്മാൻ, ടി. എം. ഷെരീഫ്, അബ്ദുൾ നാസർ, സിദ്ധിഖ് ഖാസിമി, നൗഷാദ് മാങ്കാംകുഴി, പറമ്പിൽ സുബേർ, അഡ്വ കുറ്റിയിൽ ഷാനവാസ്, മെക്കാ വഹാബ്, തേവലക്കര ബാദുഷ, തുണ്ടിൽ നൗഷാദ് തുടങ്ങിയവർ സംസാരിച്ചു.

# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി മുസിരിസ് പ്രൊജക്റ്റുമായി സഹകരിക്കും

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും ടൂറിസം വകുപ്പിന്റെ കീഴിലുള്ള മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡും അക്കാഡമിക് സഹകരണത്തിന് ധാരണ പത്രം ഒപ്പു വച്ചു. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ നവകൈരളി ഹാളിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയും പ്രോ ചാൻസിലറുമായ പ്രൊഫ. ഡോ. ആർ. ബിന്ദു, ടൂറിസം, പി ഡബ്ല്യൂ ഡി വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണപത്രമായത്. ശ്രീനാരായണയണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ഡിംപി വി. ദിവാകരനും മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. മനോജ് കുമാർ കെ യും ധാരണ പത്രത്തിൽ ഒപ്പിട്ടു.

കൊല്ലം ജില്ലയുടെ പൈതൃകവും സമ്പന്നമായ പാരമ്പര്യവും സംരക്ഷിക്കുവാനും പുതിയ തലമുറയ്ക്ക് അതിനെക്കുറിച്ചു അറിയുവാനും ആഴത്തിൽ പഠിക്കുവാനും അവസരമൊരുക്കാൻ ഇതിലൂടെ സാധിക്കും.കൊല്ലത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യം ഉയർത്തിക്കാട്ടാൻ ലക്ഷ്യമിട്ടുള്ള സ്പൈസ് റൂട്ട് പൈതൃക സംരംഭത്തിന്റെ വിപുലീകരണമായ വേണാട് പൈതൃക പദ്ധതിയുടെ ഭാഗമായി കൊല്ലത്തെ ചരിത്ര സ്ഥലങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് മുസിരിസുമായി സഹകരിച്ചു ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തിക്കും. ഈ പ്രദേശത്തിന്റെ ചരിത്രപരമായ പ്രാധാന്യം പൊതുജനങ്ങൾക്ക് പ്രദർശിപ്പിക്കുന്നതിനായി വിവിധ പൈതൃക കേന്ദ്രങ്ങൾ പുനർനിർമ്മിക്കും.

കൊല്ലത്തിന്റെ സമ്പന്നമായ ചരിത്രവും അതിന്റെ പ്രാധാന്യവും പ്രചരിപ്പിക്കുന്നതിനായി മുസിരിസ്സുമായി സഹകരിച്ച് ഓപ്പൺ യൂണിവേഴ്സിറ്റി മൂന്ന് ദിവസത്തെ അന്താരാഷ്ട്ര അക്കാഡമിക് സമ്മേളനം ഡിസംബറിൽ നടത്തും. ഒരാഴ്ച നീണ്ടു നിൽക്കുന്ന ഹെറിറ്റേജ് എക്സിബിഷൻ സംഘടിപ്പിക്കാനും ധാരണയായിട്ടുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. ജഗതിരാജ് വി.പി, പ്രോ വൈസ് ചാൻസിലർ ഡോ. എസ് വി. സുധീർ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ ശ്രീവത്സൻ, ഡോ. എ. പസ്ലിതിൽ, ഡോ. സി ഉദയകല, പരീക്ഷാ കൺട്രോളർ ഡോ. ഗ്രേഷ്യസ് ജെയിംസ് എന്നിവർ സന്നിഹിതരായിരുന്നു.

# വിലക്കറ്റയം തടയുന്നതിന് കേരളം മുന്നോട്ടുവച്ച ബദൽ മാതൃക ജനങ്ങൾക്ക് ഗുണകരം: മുഖ്യമന്ത്രി

രാജ്യത്ത് ഭക്ഷ്യവിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ അത് തടയുന്നതിന് കേരളം മുന്നോട്ടു വച്ച ബദൽ മാതൃക ജനങ്ങൾക്ക് ഗുണകരമായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ദേശീയതലത്തിൽ വിലക്കയറ്റത്തെ ഗൗരവത്തോടെ കാണുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ വിപണിയിൽ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് കേരളം ഓണക്കാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ നടത്തുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇന്ത്യയിൽ വിലക്കുറവ് കുറഞ്ഞതോതിൽ അനുഭവപ്പെടുന്ന സംസ്ഥാനം കേരളമാണ്. കഴിഞ്ഞ ജൂണിൽ പുറത്തുവന്ന കണക്കുകൾ പ്രകാരം പണപ്പെരുപ്പം 5 ശതമാനം വർധിച്ചു. വിലക്കയറ്റം 9.4 ശതമാനമാണ്. ഭക്ഷ്യോത്പന്നങ്ങളുടെ വിലക്കയറ്റം 8 ശതമാനത്തിന് മുകളിലാണ്. പച്ചക്കറി വിലക്കയറ്റം 30 ശതമാനത്തിനടുത്തെത്തി.

നിത്യോപയോഗ സാധനങ്ങൾ വലിയ വിലക്കുറവിലാണ് സപ്ലൈകോ ലഭ്യമാക്കുന്നത്. 13 ഇനം സബ്സിഡി സാധനങ്ങൾക്കൊപ്പം പഴം, പച്ചക്കറി ഉത്പന്നങ്ങളും ഫെയറിൽ നൽകുന്നുണ്ട്. ഈ നടപടി കർഷകർക്ക് ആശ്വാസം പകരുന്നതിനൊപ്പം സാധാരണക്കാർക്ക് മിതമായ നിരക്കിൽ സാധനം ലഭിക്കുന്നതിന് അവസരം ഒരുക്കും. പ്രമുഖ ബ്രാൻഡുകളുടെ ഉത്പന്നങ്ങൾ 45 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യും. 255 രൂപയുടെ ശബരി ഉത്പന്നം 189 രൂപയ്ക്ക് ലഭിക്കുന്നു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണവുമായി ബന്ധപ്പെട്ട ആഘോഷങ്ങളെല്ലാം ഉപേക്ഷിക്കുന്നതിൽ ചിലർ ആശങ്ക പ്രകടിപ്പിച്ചിരുന്നു. എന്നാൽ സർക്കാർ സംഘടിപ്പിക്കുന്ന ആഘോഷ പരിപാടികൾ മാത്രമാണ് ഒഴിവാക്കിയത്. മറ്റു പരിപാടികൾക്കൊന്നും വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയനാടിന്റെ പുനർനിർമാണത്തിലേക്ക് സർക്കാർ കടക്കുകയാണ്. അതിന് നാടിന്റെയാകെ പിന്തുണ വലിയ തോതിൽ ലഭിക്കുന്നുണ്ട്. വിവിധ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് മുഴുവൻ താത്ക്കാലിക താമസം ഒരുക്കി. പുനരധിവാസ നടപടികൾ കൃത്യമായി നടന്നു വരുന്നു. വയനാട് ദുരന്തബാധിത പ്രദേശത്തെ മുഴുവൻ പേർക്കും 14 ഇനങ്ങൾ അടങ്ങിയ ഓണക്കിറ്റ് സൗജന്യമായി നൽകുന്നുണ്ട്. സപ്ലൈകോയുടെ പ്രവർത്തനം സർക്കാരിന്റെ പ്രവർത്തനമായി ജനം വിലയിരുത്തുന്ന സ്ഥിതിയുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സപ്ലൈക്കോയെ ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ വർധനവുണ്ടായതായി അധ്യക്ഷത വഹിച്ച ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ പറഞ്ഞു. വ്യാഴാഴ്ച വൈകിട്ട് മൂന്നു മണി വരെ ആറു കോടി രൂപയുടെ വിൽപന നടന്നിട്ടുണ്ട്. സപ്ലൈകോയ്ക്ക് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നുവെന്നതിന്റെ തെളിവാണിത്. 45 ശതമാനം വരെ വിലക്കുറവിലാണ് ചില ഉത്പന്നങ്ങൾ നൽകുന്നത്. വെള്ള, നീല റേഷൻ കാർഡുകാർക്കും ഓണത്തിന് 10 കിലോ വീതം അരി നൽകുമെന്ന് മന്ത്രി പറഞ്ഞു.

മന്ത്രി വി. ശിവൻകുട്ടി ആദ്യ വിൽപന നിർവഹിച്ചു. ഓണം ഫെയറിലൂടെ ശക്തമായ ഇടപെടലാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്ക് ഓണക്കാലത്ത് നൽകുന്ന 5 കിലോ അരിയുടെ വിതരണം അടുത്ത ആഴ്ച ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആന്റണി രാജു എം.എൽ. എ, തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി. കെ. രാജു, സപ്ലൈകോ സി. എം. ഡി പി. ബി നൂഹ് തുടങ്ങിയവർ സംബന്ധിച്ചു.




**സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു**

# ഭീഷണിപ്പെടുത്തി കൂട്ടബലാത്സംഗം; ഒളിവിലായിരുന്ന പ്രതി പിടിയിൽ

കരുനാഗപ്പള്ളി: യുവതിയുടെ നഗ്നചിത്രം പകർത്തി ഭീഷണിപ്പെടുത്തി കൂട്ടബലാൽസംഗത്തിന് ഇരയാക്കിയ സംഘത്തിലെ ഒരാൾ കൂടി പോലീസിന്റെ പിടിയിലായി.

ആദിനാട് നോർത്ത് മണി മന്ദിരം വീട്ടിൽ ചിക്കു(29) ആണ് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായത്. ഇയാൾ ഒളിവിൽ കഴിഞ്ഞ് വരികയായിരുന്നു. കേസിലെ മുഖ്യപ്രതി ആദിനാട് സായികൃപയിൽ ഷാൽകൃഷ്ണനെ നേരത്തെ പോലീസ് പിടികൂടിയിരുന്നു. നിർധനയായ യുവതിയുടെ കുളിമുറി ദൃശ്യങ്ങൾ രഹസ്യമായി പകർത്തി. ദൃശ്യങ്ങൾ പ്രചരിപ്പിക്കുമെന്ന് ഷാൽകൃഷ്ണൻ ഭീഷണിപ്പെടുത്തി ലൈംഗിക പീഢനം നടത്തി. മാത്രമല്ല സുഹൃത്തുക്കളായ ചിക്കു, ഗുരുലാൽ എന്നിവരോടൊപ്പം രാത്രിയിൽ വീട്ടിൽ അതിക്രമിച്ച് കയറി യുവതിയെ മർദിക്കുകയും കൂട്ടബലാൽസംഗം നടത്തുകയുമായിരുന്നു. അറസ്റ്റിലായ ചിക്കുവിനെതിരേ ഓച്ചിറ പോലീസ് സ്റ്റേഷനിൽ മുമ്പും വധശ്രമം അടക്കമുള്ള ഗുരുതര കുറ്റകൃത്യങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിക്കായ് തെരച്ചിൽ നടത്തി വരവേ പ്രതി പോലീസ് സംഘത്തിന്റെ പിടിയിലായി. കരുനാഗപ്പള്ളി എസിപി പ്രദീപ്കുമാറിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളി ഇൻസ്പെക്ടർ ബിജു വി, എസ്ഐ മാരായ ഷമീർ, ഷാജിമോൻ, സജികുമാർ, എസ് സിപിഒ മാരായ ഹാഷിം, രാജീവ് കുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഒളിവിൽ കഴിയുന്ന ഗുരുലാലിനായുള്ള തെരച്ചിൽ ശക്തമാക്കി.



റെയ്ഡ്കോ ഓണം കിറ്റിന്റെ വിതരണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# ഓണക്കാലത്തെ ലഹരി ഉപഭോഗം തടയാൻ കർശന നടപടികൾ: ജില്ലാ കളക്ടർ

കൊല്ലം: ഓണത്തോടനുബന്ധിച്ച് വ്യാജമദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗവും വിപണനവും തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ എൻ. ദേവിദാസ് പറഞ്ഞു. ഇതിനായി വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കളക്ടറുടെ ചേംബറിൽ ചേർന്നു.

പോലീസ്, എക്സൈസ്, റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി പരിശോധനകൾ നടത്തും. രാത്രി കാലങ്ങളിലെ പട്രോളിംഗ് ശക്തമാക്കും. പൊതുജനങ്ങൾക്ക് ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാൻ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഉണ്ടാകും.

സംസ്ഥാന അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിലെ നിരീക്ഷണവും ശക്തമാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി ഉപഭോഗവും വിപണനവും കണ്ടെത്താൻ നടപടിയുണ്ടാകും. ബോധവൽക്കരണത്തിന് ജനകീയ സമിതികളുടെ സഹായം തേടും. എഡിഎം നിർമൽകുമാർ,സബ്കളക്ടർ മുകുന്ദ് ഠാക്കൂർ, പോലീസ്, എക്സൈസ്, വനം, ആരോഗ്യം, പൊതുവിതരണം, തദ്ദേശഭരണം, ഗതാഗത വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

എക്സൈസ് കൺട്രോൾ റൂം നമ്പർ

കൊല്ലം: ഓണക്കാലത്ത് വ്യാജമദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗവും വിപണനവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് എക്സൈസിനെ വിവരം അറിയിക്കാം. കൺട്രോൾ റൂം നമ്പർ 0474 2745648,9447178054 (ഡെ. കമ്മിഷണർ), 9496002862 (അസി. കമ്മിഷണർ).

# യുക്രെയ്ൻ നഗരത്തിൽ റഷ്യൻ മിസൈൽ ആക്രമണം; 50 പേർ കൊല്ലപ്പെട്ടു

കീവ്: മധ്യകിഴക്കൻ യുക്രെയ്നിൽ റഷ്യൻ മിസൈൽ ആക്രമണത്തിൽ 50 പേർ കൊല്ലപ്പെട്ടു. ഇരുനൂറിലേറെ പേർക്ക് പരിക്കേറ്റു. പോൾട്ടാവ നഗരത്തിലെ സൈനിക പരിശീലനകേന്ദ്രത്തിലും സമീപത്തെ ആശുപത്രിയിലും രണ്ട് ബാലിസ്റ്റിക് മിസൈലുകളാണ് പതിച്ചത്.യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയാണ് ഇക്കാര്യം അറിയിച്ചത്. 2022 ഫെബ്രുവരി 24ന് യുക്രെയ്നിൽ റഷ്യൻ അധിനിവേശം ആരംഭിച്ചശേഷമുണ്ടായ ഏറ്റവും മാരക ആക്രമണങ്ങളിലൊന്നാണ് പോൾട്ടാവയിലുണ്ടായത്.യുക്രെയ്ൻ തലസ്ഥാനമായ കീവിൽ നിന്ന് 350 കിലോമീറ്റർ തെക്കുകിഴക്കായാണ് പോൾട്ടാവ. കീവിൽനിന്നു ഖാർകീവിലേക്കുള്ള പ്രധാന പാതയും റെയിൽ റൂട്ടും കടന്നുപോകുന്നത് പോൾട്ടാവയിലൂടെയാണ്.

മിസൈലാക്രമണത്തിൽ സൈനിക പരിശീലന കേന്ദ്രത്തിലെ ഒരു കെട്ടിടം ഭാഗികമായി തകർന്നു. കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ കുടുങ്ങിയ നിരവധി പേരെ രക്ഷിച്ചു. പോൾട്ടാവയിൽ മൂന്നു ദിവസത്തെ ദുഃഖാചരണം നടത്തുമെന്ന് ഗവർണർ ഫിലിപ് പ്രോനിൻ അറിയിച്ചു.

# പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്; മന്ത്രിസഭാ യോഗത്തിൽ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞതവണ അനുവദിച്ച ബോണസ് തുകയിൽ കുറവ് വരാത്തവിധം ബോണസ് അനുവദിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. മുൻവർഷത്തെ പ്രവർത്തന ലാഭത്തെക്കാൾ കൂടുതൽ പ്രവർത്തനലാഭം ഉണ്ടാക്കിയ സ്ഥാപനങ്ങളിൽ ഓരോ ജീവനക്കാരനും നൽകാവുന്ന മൊത്തം ആനുകൂല്യങ്ങൾ (ബോണസ്/എക്സ്ഗ്രേഷ്യ/ഉത്സവബത്ത/ഗിഫ്റ്റ്) മുൻ വർഷത്തെ തുകയെക്കാൾ രണ്ട് ശതമാനം മുതൽ എട്ട് ശതമാനം വരെ ലാഭവർധനവിന് ആനുപാതികമായി അധികം നൽകുന്നത് പരിഗണിക്കും.

മറ്റു തീരുമാനങ്ങൾ

പത്രപ്രവർത്തക പെൻഷൻ, ഇതരപെൻഷൻ, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധജോലികൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിക്കും. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ അഡ്മിനിസ്ട്രിറ്റേറ്റീവ് ഓഫീസർ നിയമനത്തിന് പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറി റാങ്കിൽ ഒരു തസ്തിക സൃഷ്ടിക്കും.

കേരള ഡെന്റൽ കൗൺസിലിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, യു. ഡി ക്ലർക്ക് എന്നിവയുടെ ഓരോ തസ്തികകളും എൽഡി ക്ലർക്കിന്റെ രണ്ട് തസ്തികകളും സൃഷ്ടിക്കും. അതിക തസ്തികയുമായി ബന്ധപ്പെട്ട ചെലവുകൾ കൗൺസിൽ തന്നെ കണ്ടെത്തണം.

സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും നൈറ്റ് വാച്ചർ/സെക്യൂരിറ്റി സ്റ്റാഫ് തസ്തികയിലും പുറം കരാർ നൽകുന്നതിനും ഡെന്റൽ കൗൺസിൽ രജിസ്ട്രാർക്ക് അനുമതി നൽകി.

കാപ്പ അഡ്വൈസറി ബോർഡിന്റെയും എൻഎസ്എ, കോഫെപോസ, പി. ഐ. ടി എൻ. ഡി. പി. എസ് എന്നീ ആക്ടുകൾ പ്രകാരമുള്ള അഡ്വൈസറി ബോർഡുകളുടെയും ചെയർമാനായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി ഉബൈദിനെ നിയമിക്കും

# പശുക്കടത്തെന്നു സംശയിച്ച് വിദ്യാർത്ഥിയെ വെടിവച്ചു കൊന്ന സംഭവം: അഞ്ചു പേർ അറസ്റ്റിൽ

ന്യൂഡൽഹി: പശുക്കടത്തുകാരനെന്ന് സംശയിച്ചു ഹരിയാനയിൽ പ്ലസ് ടു വിദ്യാർഥിയെ വെടിവച്ചു കൊന്ന സംഭവത്തിൽ ഗോസംരക്ഷകരെന്ന് അവകാശപ്പെടുന്ന അഞ്ചു പേരെ അറസ്റ്റ് ചെയ്തു. ഓഗസ്റ്റ് 23നു നടന്ന കൃത്യത്തിൽ ഫരീദാബാദ് സ്വദേശി ആര്യൻ മിശ്രയാണ് കൊല്ലപ്പെട്ടത്.

അറസ്റ്റിലായ അനിൽ കൗഷിക്, വരുൺ, കൃഷ്ണ, അദേശ്, സൗരഭ് എന്നിവർ ഡൽഹിആഗ്ര ദേശീയ പാതയിലൂടെ 30 കിലോമീറ്റർ ആര്യൻ സഞ്ചരിച്ചിരുന്ന കാറിനെ പിന്തുടർന്നാണ് വെടിയുതിർത്തത്. കൃത്യം നടക്കുന്ന സമയം ആര്യനൊപ്പം കാറിൽ രണ്ട് പെൺകുട്ടികൾ ഉൾപ്പെടെ നാല് സുഹൃത്തുക്കളുണ്ടായിരുന്നു.

ഫരീദാബാദിൽ ചില പശുക്കടത്തുകാർ രണ്ട് കാറുകളിൽ കറങ്ങുന്നുണ്ടെന്ന വിവരം ലഭിച്ചതനുസരിച്ചു തെരച്ചിലിനിറങ്ങിയതായിരുന്നു പ്രതികൾ. അതേസമയം ആര്യനും സുഹൃത്തുക്കളും അവരുടെ കാറിൽ അത്താഴത്തിനു ശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. ദേശീയപാതയിൽ പ്രതികൾ കാർ നിർത്താനായി കൈനീട്ടിയെങ്കിലും ഇവർ നിർത്താൻ കൂട്ടാക്കിയില്ല.

ആര്യന്റെ സുഹൃത്തിനോട് വിരോധമുള്ള ആരെങ്കിലും ഗുണ്ടകളെ അയച്ചതാകുമെന്ന് കരുതി ഇവർ കാർ നിർത്താതെ പോയെങ്കിലും അക്രമികൾ പിന്തുടർന്ന് വെടിയുതിർക്കുകയായിരുന്നു. ഡ്രൈവർ സീറ്റിനരികിലിരുന്ന ആര്യനാണ് വെടിയേറ്റത്. കാറിൽ രണ്ട് പെൺകുട്ടികളെ കണ്ടതിനു ശേഷമാണ് ആളുമാറിയെന്ന് അക്രമസംഘത്തിന് മനസിലായത്. കഴുത്തിലും നെഞ്ചിലും പരിക്കേറ്റ ആര്യനെ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും പിന്നീട് മരിച്ചു.

നാല് ദിവസം മുന്പ് ഗോമാംസം കഴിച്ചെന്നാരോപിച്ചു ഹരിയാനയിൽ ഇതര സംസ്ഥാന തൊഴിലാളിയെ ആൾക്കൂട്ടം വിചാരണ ചെയ്തു കൊലപ്പെടുത്തിയിരുന്നു. അതേസമയം പശുക്കടത്തെന്നാരോപിച്ച് ഒരാളെ കൊല്ലാൻ ആരാണ് ആളുകൾക്ക് അധികാരം കൊടുത്തതെന്നും മോദി സർക്കാർ ഉത്തരം നൽകണമെന്നും ആര്യന്റെ പിതാവ് രോഷാകുലനായി പ്രതികരിച്ചു.

# കേന്ദ്രസേനയുടെ സഹായം അനിവാര്യമെന്ന് മണിപ്പൂർ ഡിജിപി

ഇംഫാൽ: കലാപകലുഷിതമായ മണിപ്പൂരിൽ പോലീസിന് ഒറ്റയ്ക്കു സ്ഥിതിഗതികൾ നിയന്ത്രിക്കാനാവില്ലെന്ന് സംസ്ഥാന ഡിജിപി രാജീവ് സിംഗ്. കേന്ദ്രസേനയുടെ സഹായത്തോടെയേ സമാധാനശ്രമങ്ങൾ മുന്നോട്ടുപോകാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

രണ്ടുവർഷമായി തുടരുന്ന കലാപത്തിൽ 200 ലേറെ ആളുകൾക്കാണ് ജീവൻ നഷ്ടമായത്. നൂറുകണക്കിനു പേർ ഭവനരഹിതരായി.

കലാപം കൂടുതൽ രൂക്ഷമാകുന്നതിന്റെ സൂചനകളാണ് കഴിഞ്ഞദിവസങ്ങളിലെ ആക്രമണരീതിയിൽനിന്ന് വ്യക്തമാകുന്നത്. ഡ്രോണുകളിൽ ബോംബുകൾ എത്തിച്ച് നടത്തിയ ആക്രമണത്തിൽ കഴിഞ്ഞദിവസം രണ്ടുപേർ കൊല്ലപ്പെടുകയും പോലീസുകാരനുൾപ്പെടെ 12 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇംഫാൽ വെസ്റ്റിലെ കുട്രൂക്, കടങ്ബന്ദ് ഗ്രാമങ്ങളിലായിരുന്നു ആക്രമണം. പുതിയൊരുതരം യുദ്ധതന്ത്രമാണ് കലാപകാരികൾ തുടങ്ങിവച്ചിരിക്കുന്നതെന്നും ഡ്രോണുകളെ നേരിടുന്നതിന് സാധ്യമായതെല്ലാം പോലീസ് ചെയ്യുന്നുണ്ടെന്നും ഡിജിപി പറഞ്ഞു. ആക്രമണം നടന്ന സ്ഥലം പരിശോധിച്ച് ഒട്ടേറെ ആയുധങ്ങളും സംവിധാനങ്ങളും പിടിച്ചെടുത്തു. പ്രദേശത്തു പരിശോധന തുടരുകയാണെന്നും പോലീസ് മേധാവി പറഞ്ഞു.

ആസാം റൈഫിൾസിനു പുറമേ 198 കമ്പനി കേന്ദ്ര സേനയെയാണു സംസ്ഥാനത്ത് വിന്യസിച്ചിരിക്കുന്നത്. ഇതിൽ ചില യൂണിറ്റുകൾ കാഴ്ചക്കാരായി തുടരുന്നുണ്ടെന്നും ഇക്കാര്യത്തിൽ വിശദപരിശോധന നടത്തുമെന്നും അദ്ദേഹം പറഞ്ഞു.



ക്ഷയരോഗത്തിനെതിരായി കേരളം നടത്തിയ പോരാട്ടം അടയാളപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച സെമിനാറും ഡോക്യുമെന്റ് പ്രകാശനവും പാനൽ ചർച്ചയും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റും: മുഖ്യമന്ത്രി

കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റുകയെന്നതാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവേഷണത്തിന്റെയും വികസനത്തിന്റെയും പാതയിൽ ഫലപ്രദമായ മാർഗനിർദേശങ്ങൾ നൽകാൻ ലോകാരോഗ്യ സംഘടനയ്ക്ക് കഴിയുമെന്നുറപ്പുണ്ട്. അതിലൂടെ ആരോഗ്യ രംഗത്തെ കേരള മോഡൽ ലോകത്തിന് കൂടുതൽ സംഭാവനകൾ നൽകാനാകും. നിപ, കോവിഡ്19 തുടങ്ങിയവയെ പ്രതിരോധിക്കുന്നതിൽ കേരളത്തിന് ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായം ലഭിച്ചു എന്നത് ശ്രദ്ധേയമാണ്. പ്രളയാനന്തര പകർച്ച വ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, ക്ഷയരോഗം എന്നിവയുടെ പ്രതിരോധത്തിലും ലോകാരോഗ്യ സംഘടനയുടെ മാർഗനിർദേശം ലഭിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ ക്ഷയരോഗ ചികിത്സയുടെ നാൾവഴികൾ ഉൾക്കൊള്ളിച്ച് തയാറാക്കിയ 'എ പാത്ത് ടു വെൽനെസ് കേരളാസ് ബാറ്റിൽ എഗേൻസ്റ്റ് ടിബി' എന്ന ഡോക്യുമെന്റ് പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്ത് ക്ഷയരോഗ നിവാരണത്തിനുള്ള ആക്ഷൻ പ്ലാനിന്റെ രണ്ടാം ഭാഗം പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ക്ഷയരോഗത്തെക്കുറിച്ചുള്ള ചർച്ചകൾ പൊതുസമൂഹത്തിൽ ഇപ്പോൾ അധികം ഉണ്ടാകാറില്ല. കാരണം, പൊതുവേ നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഒരു രോഗമായാണ് അതിനെ നാം കണക്കാക്കുന്നത്. എന്നാൽ ലോകത്താകെയുള്ള കണക്കുകൾ പരിശോധിച്ചാൽ അതല്ല സ്ഥിതി. ഇന്നും ലോകത്ത് ഏറ്റവുമധികം ആളുകളുടെ മരണത്തിനു കാരണമാകുന്ന പകർച്ചവ്യാധിയാണ് ക്ഷയരോഗം. ക്ഷയരോഗ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കേരളത്തിനു കഴിഞ്ഞു. കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനം കൊണ്ടുതന്നെ സംസ്ഥാനത്തെ ക്ഷയരോഗ വ്യാപനം 40 ശതമാനം കുറയ്ക്കാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നടത്തിയ ദേശീയ ക്ഷയരോഗ സർവേയിൽ രാജ്യത്ത് ക്ഷയരോഗ വ്യാപനം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഓരോ ഒരു ലക്ഷം പേരിലും 70 പേരെയാണ് ക്ഷയരോഗം ബാധിക്കുന്നത്. നമ്മുടെ രാജ്യത്താകെ ഒരു ലക്ഷത്തിൽ 199ഉം ലോകത്താകെ ഒരു ലക്ഷത്തിൽ 133 ഉം ആളുകളെയാണ് ക്ഷയരോഗം ബാധിക്കുന്നത്. കേരളത്തിൽ ഒരു ലക്ഷത്തിൽ 7ഉം ഇന്ത്യയിൽ 34ഉം ലോകത്ത് 18 ഉം ആളുകളാണ് ക്ഷയരോഗം മൂലം മരണപ്പെടുന്നത്. കുറഞ്ഞ ശിശുമരണ നിരക്കിലെന്ന പോലെ കുറഞ്ഞ ക്ഷയരോഗ മരണ നിരക്കിലും കേരളം ലോകത്തിനു മാതൃകയാവുന്നു.

2023 ൽ കേന്ദ്ര സർക്കാർ കേരളത്തിലെ 60 പഞ്ചായത്തുകളെ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചിരുന്നു. ഇനിയും ഇക്കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശേഷിക്കുന്ന പഞ്ചായത്തുകളിൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനും കൂടുതൽ പഞ്ചായത്തുകളെ ക്ഷയരോഗ വിമുക്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.ടിബി നിർമ്മാർജന ത്തിൽ ലോകാരോഗ്യ സംഘടന നൽകുന്ന പിന്തുണ വളരെ വലുതാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

രാജ്യത്ത് ഏറ്റവും കുറവ് ടിബി റിപ്പോർട്ട് ചെയ്ത സംസ്ഥാനമാണ് കേരളം. 2015നെ അപേക്ഷിച്ച് ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 40 ശതമാനത്തിലധികം കുറവുണ്ടായി. ഇതിലൂടെ 2022ൽ ദേശീയ തലത്തിൽ വെള്ളി മെഡൽ ലഭിക്കുകയും ചെയ്തു. സ്വകാര്യ മേഖലയിൽ ദേശീയ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ചതിനും പുരസ്കാരം ലഭിച്ചിരുന്നെന്ന് മന്ത്രി പറഞ്ഞു.

ലോകാരോഗ്യ സംഘടനയുടെ ഇന്ത്യാ പ്രതിനിധി ഡോ. റോഡ്റികോ എച്ച് ഓഫ്രിൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കുതിരശക്തിയുമായി മലയാളി വനിത

## എഫ്.ഇ.ഐ ലോക ദീർഘദൂര കുതിരയോട്ട ചാംപ്യൻഷിപ്പിൽ സീനിയർ വിഭാഗത്തിൽ മത്സരിക്കുന്ന ആദ്യ ഇന്ത്യൻ വനിതയാകാൻ മലയാളിതാരം നിദ അൻജും ചേലാട്ട്



കഴിഞ്ഞ വർഷത്തെ എഫ്.ഇ.ഐ ജൂനിയർ ചാമ്പ്യൻഷിപ്പ് പൂർത്തിയാക്കി റെക്കോർഡിട്ട ശേഷം, ഇപ്പോൾ ആഗോളവേദിയിൽ ചരിത്രംകുറിക്കുന്നത് തുടരുകയാണ് നിദ.

കൊച്ചി, സെപ്റ്റംബർ 5, 2024ദീർഘദൂര കുതിരയോട്ടത്തിലെ ലോക ചാംപ്യൻഷിപ്പായ എഫ്.ഇ.ഐ എൻഡ്യൂറൻസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ വനിതയാകാൻ ഒരുങ്ങി മലപ്പുറം തിരൂർ സ്വദേശി നിദ അൻജും ചേലാട്ട്. ഇതാദ്യമായല്ല ആഗോളതലത്തിൽ ഈ കായികയിനത്തിൽ നിദ രാജ്യത്തിൻറെ യശ്ശസുയർത്തുന്നത്. കഴിഞ്ഞ വർഷം നടന്ന എഫ്.ഇ.ഐ ജൂനിയർ ലോക ചാമ്പ്യൻഷിപ്പ് വിജയകരമായി പൂർത്തിയാക്കി നിദ ലോകമെമ്പാടും വാർത്തകളിൽ നിറഞ്ഞിരുന്നു. ഇക്കൊല്ലം സെപ്റ്റംബർ ഏഴിന് ഫ്രാൻസിലെ മോൺപാസിയറിൽ നടക്കുന്ന സീനിയർ ചാമ്പ്യൻഷിപ്പിലാണ് 22കാരിയായ താരം മാറ്റുരയ്ക്കുന്നത്. കുതിരയോട്ട മത്സരങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ ഇന്റർനാഷണൽ എക്യൂസ്ട്രിയൻ ഫെഡറേഷൻ അഥവാ എഫ്.ഇ.ഐ യാണ് മത്സരങ്ങൾ നടത്തുന്നത്.

ഇന്ത്യയിൽ ഈ കായികയിനത്തിന് ജനപ്രീതി കുറവാണെങ്കിലും ലോകത്തെ വിവിധ രാജ്യങ്ങളുടെ സാംസ്കാരിക പാരമ്പര്യത്തിൽ ആഴത്തിൽ വേരോട്ടമുള്ള ഇനമാണ് കുതിരയോട്ടം. ആ രാജ്യങ്ങളിൽ നിന്നുള്ള ഏറ്റവും പ്രഗത്ഭരായ കുതിരയോട്ടക്കാരുടെ നിരയിലാണ് ഈ യുവ കായികതാരം തലയുയർത്തി നിൽക്കുന്നത്. കടുത്ത പോരാട്ടം നടക്കുന്ന ഈ കായികമത്സരത്തിൽ അസാധാരണമായ മെയ്‌വഴക്കവും സൂക്ഷമതയും വേഗതയും അത്യാവശ്യമാണ്.

40 രാജ്യങ്ങളിൽ നിന്നുള്ള 144 കുതിരയോട്ടക്കാരെയാണ് നിദ നേരിടുന്നത്. തന്റെ വിശ്വസ്ത പങ്കാളിയായ പെൺകുതിര പെട്ര ഡെൽ റെയ്ക്കൊപ്പമാണ് നിദ കളത്തിലിറങ്ങുന്നത്. നിദയുടെ ആൺകുതിരയായ ഡിസൈൻ ഡു ക്ളൗഡും മത്സരത്തിലേക്ക് യോഗ്യത നേടിയിട്ടുണ്ട്. 160 കിലോമീറ്റർ ദൈർഖ്യമുള്ള ദുർഘട പാതയാണ് മത്സരത്തിൽ നിദയെ കാത്തിരിക്കുന്നത്.

യുഎഇ, ബഹ്റൈൻ, ഇറ്റലി, സ്പെയിൻ, ഫ്രാൻസ്, ഉറുഗ്വായ്, അർജന്റീന, ബ്രിട്ടൺ, ഹംഗറി, എന്നീ രാജ്യങ്ങളിൽ നിന്നുള്ളവർ കാലാകാലങ്ങളായി മേധാവിത്വം പുലർത്തുന്ന വിഭാഗത്തിലാണ് നിദ ഇക്കൊല്ലം മത്സരിക്കാനിറങ്ങുന്നത്. ഈ വിഭാഗത്തിൽ മത്സരിക്കാൻ യോഗ്യത നേടുന്നത് തന്നെ വലിയ നേട്ടമാണ്. കുതിരയോട്ടത്തിൽ പരിശീലനത്തിനും മത്സരങ്ങൾക്കും മറ്റും ധാരാളം നിക്ഷേപങ്ങൾ നടത്തി മികച്ച കളിക്കാരെ നിരന്തരം രംഗത്തിറക്കുന്ന ലോകരാജ്യങ്ങൾക്കിടയിലാണ് നിദ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. എതിരാളികൾക്ക് കിട്ടുന്നത്രയും സൗകര്യങ്ങളേതുമില്ലാതെ സ്വന്തം കഠിനപ്രയത്നത്താലും പരിശ്രമത്താലുമാണ് നിദ ഇന്നീ ആഗോളവേദിയിൽ എത്തിനിൽക്കുന്നത്. എഫ്.ഇ.ഐയുടെ എൻഡ്യൂറൻസ് ലോക ചാമ്പ്യൻഷിപ്പിന്റെ സീനിയർ വിഭാഗത്തിൽ എത്തിനിൽക്കുന്ന നിദയുടെ ഈ യാത്ര, രാജ്യത്തിന് ഏറെ അഭിമാനിക്കാവുന്ന നേട്ടമാണ്.

ദീർഘദൂര കുതിരയോട്ടത്തിലെ ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞതിൽ അടക്കാനാവാത്ത സന്തോഷവും അഭിമാനവുമുണ്ടെന്ന് നിദ പറഞ്ഞു. കഴിഞ്ഞ വർഷത്തെ ജൂനിയർ ചാമ്പ്യൻഷിപ്പിലെ നേട്ടമാണ് ഈ വെല്ലുവിളി ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത്. എനിക്ക് ചുറ്റുമുള്ളവരിൽ നിന്ന് കിട്ടുന്ന സ്നേഹവും പിന്തുണയും വലിയ പ്രചോദനമാണ്. ആഗോളവേദിയിൽ നമ്മുടെ രാജ്യത്തിന് വേണ്ടി ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കാൻ അതെന്നെ പ്രചോദിപ്പിക്കുന്നു നിദ കൂട്ടിച്ചേർത്തു.

കുതിരയോട്ടമെന്ന കായികയിനത്തിൽ ആഗോളതലത്തിൽ തന്നെ ഏറ്റവും പ്രൗഢോജ്വല മത്സരമാണ് എഫ്.ഇ.ഐ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പ്. അതിൽ പങ്കെടുക്കാൻ യോഗ്യത നേടിയതിലൂടെ ലോകത്തെ ഏറ്റവും മികച്ച കുതിരയോട്ടക്കാരുടെ നിരയിലേക്കാണ് നിദ ഉയർന്നുവന്നിരിക്കുന്നത്. അസാധാരണമായ മെയ്‌വഴക്കം മാത്രമല്ല, ഈ മത്സരത്തിൽ ജയിക്കണമെങ്കിൽ ഓടിക്കുന്ന കുതിരയുമായി തകർക്കാനാകാത്ത ആത്മബന്ധവും ഉണ്ടാകണം. കുതിരയെയും അതിനെ നിയന്ത്രിക്കുന്നയാളെയും കടുത്ത സമ്മർദ്ദത്തിലാക്കുന്ന മത്സരമാണിത്. പങ്കെടുക്കുന്നയാളുടെ സഹനശക്തി, കുതിരയോട്ടത്തിലെ പ്രാവീണ്യം, കുതിരയുമായുള്ള അടുപ്പം എന്നിവ നിരന്തരം പരീക്ഷിക്കപ്പെടും. കുതിരയും അതിനെ ഓടിക്കുന്നയാളും നിരവധി വെല്ലുവിളികൾ ഈ മത്സരത്തിനിടെ അതിജീവിക്കേണ്ടതുണ്ട്.

കഴിഞ്ഞ വർഷം കാസ്റ്റൽസെഗ്രാറ്റിൽ നടന്ന എക്യൂസ്ട്രിയൻ വേൾഡ് എൻഡ്യൂറൻസ് ചാമ്പ്യൻഷിപ്പിലെ ജൂനിയർ ആൻഡ് യങ് റൈഡർ വിഭാഗത്തിലെ മത്സരയോട്ടം പൂർത്തിയാക്കി നിദ വാർത്തകളിൽ ഇടംപിടിച്ചിരുന്നു. 120 കിലോമീറ്റർ ദൈർഖ്യമുള്ള ആ മത്സരം വെറും 7.29 മണിക്കൂർ കൊണ്ടാണ് നിദ പൂർത്തിയാക്കിയത്. എപ്സിലോൺ സലോ എന്ന കുതിരപ്പുറത്തേറിയാണ് നിദ മത്സരിച്ചത്. 25 രാജ്യങ്ങളിൽ നിന്നുള്ള 70 മത്സരാർഥികളാണ് ഓട്ടത്തിൽ പങ്കെടുത്തത്.

എഫ്.ഇ.ഐ ദീർഘദൂര ലോക കുതിരയോട്ട സീനിയർ ചാംപ്യൻഷിപ്പിൽ മത്സരിക്കുന്നതിനുള്ള തീവ്രപരിശീലനത്തിലാണ് നിദ ഇപ്പോൾ. നിദയുടെ നേട്ടങ്ങളിൽ ഇന്ത്യയ്ക്ക് വലിയ അഭിമാനവും നമ്മുടെ രാജ്യത്ത് നിന്ന് വളർന്നുവരുന്ന പുതുതലമുറ കുതിരയോട്ടക്കാർക്ക് വലിയ പ്രചോദനവുമുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച കുതിരയോട്ടക്കാരിൽ ഒരാളാണ് ഇന്ന് നിദ. യമമ ആപ്പിലൂടെ നിദയുടെ മത്സരയോട്ടം കാണാവുന്നതാണ്.

# വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത്

സംസ്ഥാന ധനവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 12ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും. തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യു മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനകാര്യ മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനകാര്യ മന്ത്രി തങ്കം തെന്നരസു, കേരളത്തിന്റെ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവർ പങ്കെടുക്കും. അഞ്ച് സംസ്ഥാനങ്ങളിലെയും ധനകാര്യ സെക്രട്ടറിമാർ ഉൾപ്പെടെ ഉദ്യോഗസ്ഥരും ധനകാര്യ വിദഗ്ധരും പങ്കെടുക്കും.

പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി ആശയവിനിമയം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലാണ് കേരളം ധനമന്ത്രിമാരുടെ കോൺക്ലേവ് നടത്താൻ നിശ്ചയിച്ചതെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. കേന്ദ്രസംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ അഴിച്ചുപണിയേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനുള്ള വേദികളിൽ പ്രധാനപ്പെട്ട ഒന്നായാണ് ധനകാര്യ കമ്മീഷനെ കേരളം പരിഗണിക്കുന്നത്. ധനകാര്യ വിഷയങ്ങളിൽ സംസ്ഥാനങ്ങളുടെ യോജിച്ച നിലപാട് ഈ ഘട്ടത്തിൽ അനിവാര്യമായിരിക്കുകയാണ്. സംസ്ഥാനങ്ങൾ നേരിടുന്ന വികസന ധനകാര്യ പ്രശ്നങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

12 ന് ഉച്ചയ്ക്കുശേഷം നടക്കുന്ന ചർച്ചയിൽ വിഷയ വിദഗ്ധരുടെ വലിയ നിര പങ്കെടുക്കും. കേന്ദ്ര സർക്കാരിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ, മുൻ ധനകാര്യ മന്ത്രി ടി എം തോമസ് ഐസക്, കേന്ദ്ര കാബിനറ്റ് മുൻ സെക്രട്ടറി കെ എം ചന്ദ്രശേഖരൻ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറി ഡോ. കെ എം എബ്രഹാം, നാലാം സംസ്ഥാന ധന കമ്മീഷൻ ചെയർമാൻ ഡോ. എം എ ഉമ്മൻ, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അംഗം ഡോ. ഡി കെ ശ്രീവാസ്തവ, സാമ്പത്തിക വിദഗ്ധരായ ഡോ. പ്രഭാത് പട്നായിക്, പതിനാറാം ധനകാര്യ കമ്മീഷനുമുമ്പാകെ കേരളം സമർപ്പിക്കുന്ന നിവേദനത്തിന്റെ കരട് തയ്യാറാക്കാനായി നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ ഡോ. സി പി ചന്ദ്രശേഖർ, ഡോ. ജയതി ഘോഷ്, ഡോ. സുശീൽ ഖന്ന, ഡോ. എം ഗോവിന്ദ റാവു, ഡോ. പിനാകി ചക്രവർത്തി, പ്രൊഫ. കെ എൻ ഹരിലാൽ, റിട്ട. ഐആർഎസ് ഉദ്യോഗസ്ഥൻ ആർ മോഹൻ, സിഡിഎസ് ഡയറക്ടർ ഡോ. സി വി വീരമണി, ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ്, എൻഐപിഎഫ്പിയിലെ പ്രൊഫസർ ലേഖ ചക്രബർത്തി, കേരള കാർഷിക സർവകലാശാലയിലെ മുൻ പ്രൊഫസർ ഡോ. പി ഷഹീന, കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോഏക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിലെ കെ കെ കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുക്കും.

രാജ്യത്ത് സാമ്പത്തിക ഫെഡറലിസം വലിയ തോതിൽ വെല്ലുവിളി നേരിടുന്ന കാലഘട്ടത്തിലാണ് ഇത്തരത്തിൽ ഒരു ചർച്ചാ സമ്മേളനത്തിന് കേരളം നേതൃത്വം നൽകുന്നതെന്ന് മന്ത്രി പറഞ്ഞു. രാജ്യത്തെ മൊത്തം പൊതുചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങൾ വഹിക്കേണ്ടിവരുന്നു. എന്നാൽ, രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 37.3 ശതമാനം മാത്രം സംസ്ഥാനങ്ങൾക്ക് ലഭിക്കുമ്പോൾ 63 ശതമാനത്തോളം കേന്ദ്രത്തിനാണ് കിട്ടുന്നത്. സംസ്ഥാനങ്ങൾക്ക് നൽകേണ്ട വിഹിതത്തിൽ സെസ്, സർചാർജ് എന്നിവ കേന്ദ്രസർക്കാർ പരിഗണിക്കുന്നില്ല. ഇത് സംസ്ഥാനങ്ങൾക്ക് വലിയ വരുമാന നഷ്ടത്തിന് ഇടയാക്കുന്നതായി മന്ത്രി പറഞ്ഞു. പതിനഞ്ചാം ധന കമ്മീഷൻ കേന്ദ്ര സർക്കാരിന്റെ വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാൻ ശുപാർശ ചെയ്തു. എന്നാൽ സംസ്ഥാനങ്ങൾക്ക് ലഭിച്ചത് ഏകദേശം 29.6 ശതമാനം മാത്രം. ഇതിന് കാരണം ഉയർന്ന തോതിലുള്ള സെസും സർചാർജുമാണ്.

പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് ശുപാർശ ചെയ്ത വിഹിതം 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദേശിച്ചത് 1.92 ശതമാനവും. കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങൾക്കും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകളിൽ വലിയ ധന നഷ്ടമാണുണ്ടായത്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് അവകാശങ്ങളിലും വിവേചന നിലപാടുകൾ നിലനിൽക്കുന്നതായി മന്ത്രി അഭിപ്രായപ്പെട്ടു.

# വ്യവസായ, പൗര സേവന പരിഷ്കാരങ്ങളിൽ മികച്ച റാങ്കിങ് കൈവരിച്ച് കേരളം കേന്ദ്രമന്ത്രി പിയൂഷ് ഗോയലിൽ നിന്ന് മന്ത്രി പി രാജീവ് പുരസ്കാരം ഏറ്റുവാങ്ങി



*കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിൻറെ റാങ്കിങ്ങിൽ നേട്ടം കൈവരിച്ച കേരളത്തിനുള്ള പുരസ്കാരം കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലിൽ നിന്നും വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ് സ്വീകരിക്കുന്നു. കേന്ദ്ര വാണിജ്യ വ്യവസായ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സഹമന്ത്രി ജിതിൻ പ്രസാദ, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ എന്നിവർ സമീപം.*

തിരുവനന്തപുരം: വ്യവസായ കേന്ദ്രീകൃത, പൗര സേവന പരിഷ്കാരങ്ങളിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിൻറെ റാങ്കിങ്ങിൽ നേട്ടം കൈവരിച്ച് കേരളം. അനുകൂലമായ വ്യാവസായിക ആവാസവ്യവസ്ഥയും സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സേവന വിതരണവുമാണ് കേരളത്തിനെ നേട്ടത്തിലെത്തിച്ചത്.

ന്യൂഡൽഹി യശോഭൂമിയിലെ പലാഷ് ഹാളിൽ നടന്ന സംസ്ഥാന വ്യവസായ മന്ത്രിമാരുടെ 'ഉദ്യോഗ് സംഗമം 2024' സമ്മേളനത്തിലാണ് ഡിപ്പാർട്ട്മെൻറ് ഫോർ പ്രൊമോഷൻ ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ നൽകുന്ന റാങ്കിങ് പ്രഖ്യാപിച്ചത്. കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ കേരള വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവിന് ബഹുമതി സമ്മാനിച്ചു. കേന്ദ്ര വാണിജ്യ വ്യവസായ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സഹമന്ത്രി ജിതിൻ പ്രസാദയും ചടങ്ങിൽ പങ്കെടുത്തു.

യൂട്ടിലിറ്റി പെർമിറ്റുകൾ നേടുന്നതും നികുതി അടക്കുന്നതുമാണ് കേരളം ഒന്നാമതെത്തിയ വ്യവസായ കേന്ദ്രീകൃത പരിഷ്കാരങ്ങൾ. ഓൺലൈൻ ഏകജാലക സംവിധാനം, നഗര തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന പ്രക്രിയ ലഘൂകരിക്കുക, റവന്യൂ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റുകൾ, യൂട്ടിലിറ്റി പെർമിറ്റുകൾ നൽകൽ, പൊതുവിതരണ സംവിധാനംഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്, ഗതാഗതം, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നീ ഒമ്പത് മേഖലകളിൽ കേരളം 95% നേട്ടത്തിലെത്തി.

വ്യാപാര പ്രവർത്തനങ്ങൾ എളുപ്പത്തിലാക്കുന്നതിലും വൈവിധ്യമാർന്ന സംരംഭങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ ഉതകുന്ന ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലും കേരളം വലിയ മുന്നേറ്റം നടത്തിയെന്ന് ഈ റാങ്കിങ്ങുകൾ അംഗീകരിക്കുന്നുവെന്ന് മന്ത്രി രാജീവ് പറഞ്ഞു. മികച്ച രീതിയിലുള്ള വ്യവസായിക നയങ്ങളും തദ്ദേശ തലം വരെ ഇത് ഫലപ്രദമായി നടപ്പിലാക്കിയതും സംസ്ഥാനത്തെ ഈ സുപ്രധാന വിഭാഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സഹായിച്ചു. അത്യാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടെ പൗരൻമാർക്ക് സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിലും കേരളം മുൻപന്തിയിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# അൻവറിന്റെ മൊഴിയെടുക്കും; വസ്തുനിഷ്ഠമായി

എല്ലാ ആരോപണങ്ങളും അന്വേഷിക്കുമെന്ന് ഡിജിപി തിരുവനന്തപുരം: പി.വി. അൻവർ എംഎൽഎ ഉന്നയിച്ച എല്ലാ ആരോപണങ്ങളും അന്വേഷിക്കുമെന്ന് ഡിജിപി ഷെയ്ഖ് ദർവേഷ് സാഹിബ്.

വസ്തുനിഷ്ഠമായി തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തുമെന്ന് ഡിജിപി അറിയിച്ചു.ഡിജിപി വിളിച്ചു ചേർത്ത പ്രത്യേക അന്വേഷണ സംഘത്തിന്റെ യോഗത്തിലാണ് തീരുമാനം. രാവിലെയും ഉച്ചയ്ക്ക് ശേഷവുമായി രണ്ട് ഘട്ടമായാണ് പ്രത്യേക യോഗം ചേർന്നത്.

അൻവർ ഉന്നയിച്ച ആരോപണങ്ങൾ വിശദമായിത്തന്നെ ഉന്നതതല യോഗം ചർച്ചചെയ്തു.പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി അൻവർ എംഎൽഎയുടെ മൊഴിയെടുക്കും. എഡിജിപി എം.ആർ. അജിത് കുമാറിന്റെ മൊഴിയും രേഖപ്പെടുത്താൻ ഡിജിപി യോഗത്തിൽ നിർദേശിച്ചു.ഭാവിയിൽ ആക്ഷേപം ഉണ്ടാകാത്ത തരത്തിൽ ആയിരിക്കണം അന്വേഷണമെന്ന് ഡിജിപി യോഗത്തിൽ പറഞ്ഞു. നിരവധി ആരോപണങ്ങളാണ് അൻവർ ഉന്നയിച്ചിരിക്കുന്നത്.

ഇതിൽ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർ ഏതൊക്കെ കാര്യങ്ങൾ അന്വേഷിക്കും എന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം അറിയിക്കും എന്ന് ഡിജിപി ഇന്നത്തെ യോഗത്തിൽ വ്യക്തമാക്കി.

# മന്ത്രി ഫ്ലാഗ് ഓഫ് നിർവഹിച്ചു

സർക്കാരിന്റെ നൂറു ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്ന ജാഗ്രത, ക്ഷമത പദ്ധതികളുടെ ഫ്ലാഗ് ഓഫ് ഭക്ഷ്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു.

സംസ്ഥാനമൊട്ടാകെ 15000 വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ച് നിയമലംഘനങ്ങൾ ഉണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ പിഴയുൾപ്പെടെയുള്ള ശിക്ഷാ നടപടികളും പ്രോസിക്യൂഷൻ നടപടികളും കൈക്കൊള്ളുന്ന പദ്ധതിയാണ് ജാഗ്രത. ആയിരം പമ്പുകൾ പരിശോധിച്ച് അളവിൽ വ്യത്യാസമോ കൃത്രിമമോ ഉണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്ന പദ്ധതിയാണ് ക്ഷമത.